ഉത്തരം

(എ) യന്ത്രവൽക്കൃത കൃഷിസംപ്രദായം സ്വീകരിച്ചു് നമ്മുടെ കാർഷിക സമ്പത്തു വർദ്ധിപ്പിക്കുക എന്ന ആവശ്യം മുൻനിർത്തി രൂപം കൊണ്ടിട്ടുള്ളതാണു്. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനപരിപാടിയുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) ശരിയല്ല.

(സി) പ്രോദ്യം ഉദിയ്ക്കുന്നില്ല.

(ഡി) കോർപ്പറേഷൻ വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ വിവരം താഴെ കുറിക്കുന്നു:

Tractor

D. T. 14 B Tractor 104
Zetor 2,011 Tractor 70
Massey Ferguson Tractor 32
Escort Tractor 6
Bolgur T. L. 30 A 3
International Tractor 1
Seed Cleaner 1
Hay Boiler 1

Power Tiller

Mitsubishi Power tiller 56
Krishi Power tiller 2

കൂടാതെ വിവിധതരത്തിലും കുതിരശക്തിയിലുമുള്ള പമ്പുസെറ്റുകളും (ആകെ 751) പവ്വർസ്പ്രേയറുകളും മുതലായവ ഹയർ പർച്ചേസിൽ കർഷകർക്കു വിതരണം ചെയ്തിട്ടുണ്ടു്;

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ചില ആക്ഷേപങ്ങളും പൊന്തി വന്നിട്ടുണ്ടു്.

(ജി) യന്ത്രവൽക്കരണംകൊണ്ടു ഒരുപ്പൂനിലങ്ങളും ഇരുപ്പൂനിലമായും ഇരുപ്പൂനിലങ്ങളും മൂപ്പുവായും മാറുന്നതിനും അങ്ങനെ നമ്മുടെ കാർഷിക സമ്പത്തു വർദ്ധിക്കുകയും ചെയ്യുന്നു. യന്ത്രങ്ങളുടെ ഉപയോഗംകൊണ്ടു് ഏറെ കാർഷിക തൊഴിലാളികൾക്കു് താൽക്കാലികമായി ജോലിയില്ലാതെ വരും എങ്കിലും യന്ത്രങ്ങളുടെ പ്രവർത്തനം മുന്നേറുന്നതോടൊപ്പം പുതിയ സാങ്കേതിക വിഭാഗം ആവിർഭവിക്കുകയാണു ചെയ്യുന്നത്. അതിനാൽ വൻ തോതിലുള്ള തൊഴിലില്ലായ്മയെപ്പറ്റി യേപ്പെടേണ്ടതില്ലെന്നാണു കരുതുന്നത്.

കുറ്റ്യാടി ജലസേചനപദ്ധതി

21 (80) ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന പ്രോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചനപദ്ധതി എന്നേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ഇതുവരെയായി ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ) നാലാം പദ്ധതിയിൽ വക കൊള്ളിച്ചിട്ടുള്ളതുകയുടെ അപര്യാപ്തത നിമിത്തം ഇപ്പോൾ പറയാൻ കഴിയില്ല.

(ബി) 333.97 ലക്ഷം രൂപ.

†Appendix I

LIBRARY ARCHIVES Kerala Legislative Assembly